# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.3975** **25.06.2018-ൽ മറുപടിയ്ക്ക്**

**പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള സഹായം**

| ചോദ്യം: | | മറുപടി: | |
|---|---|---|---|
| **ശ്രീ.പി.കെ.ശശി** | | **ശ്രീ.എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര വിഭാഗങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ഉന്നമനം, തൊഴിൽ നൈപുണ്യം എന്നിവ ലക്ഷ്യമിട്ട് സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളായ സൈബശ്രീ പ്രോജക്ട്, സൗജന്യ ലാപ്ടോപ്പ് നൽകൽ, വിദേശ പഠന സഹായം നൽകൽ ഉൾപ്പെടെ ഈ സർക്കാർ **2016-17, 2017-18** വർഷങ്ങളിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളും അവയുടെ പ്രവർത്തന പുരോഗതിയും എന്തെന്ന് വ്യക്തമാക്കുമോ; | (എ) | **<u>പട്ടികജാതി വികസന വകുപ്പ്</u>**<br>2016-17, 2017-18 വർഷങ്ങളിൽ **സൈബർശ്രീയ്ക്ക്** തൊഴിൽ അധിഷ്ഠിത കമ്പ്യൂട്ടർ കോഴ്സുകൾ നടത്തുന്നതിന് ധനസഹായം അനുവദിക്കുകയും ആയത് തുടർന്നു വരികയും ചെയ്യുന്നു. വകുപ്പിന്റെ കീഴിൽ മണ്ണന്തലയിൽ നിലവിലുള്ള കെട്ടിടത്തിൽ തിയറി ക്ലാസ്സ് റൂം സെറ്റ് ചെയ്യുന്നതിന് 2016-17 സാമ്പത്തിക വർഷം 20.00 ലക്ഷം രൂപയും 2017-18 സാമ്പത്തിക വർഷം 3.00 ലക്ഷം രൂപയും അനുവദിച്ചിരുന്നു. അവിടെ വച്ച് തിയറി ക്ലാസ്സുകൾ നടന്നു വരുന്നു.<br>**ലാപ്ടോപ് ധനസഹായ പദ്ധതി** പ്രകാരം 2015-16 വർഷം വരെ എം.ടെക്, ബി.ടെക്, എം.സി.എ കോഴ്സുകൾക്ക് ആയിരുന്നു ധനസഹായം അനുവദിച്ചിരുന്നത്. ആയത് 2016-17 വർഷം മുതൽ മേൽ പറഞ്ഞ കോഴ്സുകൾക്ക് പുറമെ B.Sc (Computer Science), M.Sc (Computer Science), PolyTechnic (Computer Science), MBBS, BAMS, BHMS, BVSc (Animal Husbandry), MBA എന്നീ കോഴ്സുകളെ കൂടി ടി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കി. 2017-18 ൽ ടി പദ്ധതിയിലേയ്ക്ക് B.Arch, M.Phil, P.hD, M.Sc Electronics തുടങ്ങിയ കോഴ്സുകളെ കൂടി ഉൾപ്പെടുത്തുകയും, പദ്ധതി നടപ്പിലാക്കുകയും ചെയ്തു.<br>**വിദേശത്ത് ബിരുദാനന്തര പഠനം** നടത്തുന്ന വിദ്യാർത്ഥികൾക്ക് ധനസഹായം നൽകി വരുന്നു.<br>**<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u>**<br><u>സൈബർശ്രീ</u> <u>പ്രോജക്ട്</u> പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്നില്ല.<br>സംസ്ഥാനത്ത് സ്ഥിരതാമസക്കാരായ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദേശത്ത് മികച്ച സർവ്വകലാശാലകളിൽ പോയി പഠനം |

<table>
<tr>
<td></td>
<td></td>
<td></td>
<td>നടത്തുന്നതിന് വിദ്യാഭ്യാസ ധനസഹായം നൽകുന്നുണ്ട്.<br><u>ലാപ് ടോപ് പദ്ധതി</u><br>എം.ബി.എ, എം.ബി.ബി.എസ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ്, എം.എസ്.സി.കമ്പ്യൂട്ടർ സയൻസ്, എം.സി.എ, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്., ബി.വി.എസ്.സി, ബി.ടെക്/ ബി.ആർക്, എം.ടെക്, പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം ചെയ്തുവരുന്ന പദ്ധതി നിലവിലുണ്ട്.</td>
</tr>
<tr>
<td>(ബി)</td>
<td>ആയതുവഴി ഓരോ വർഷങ്ങളിലും എത്ര വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് സഹായം ലഭ്യമാക്കിയെന്നും ഇതിനായി ചെലവഴിച്ച തുക എന്തെന്നും ഇനം തിരിച്ച് വ്യക്തമാക്കുമോ;</td>
<td>(ബി)</td>
<td><u>പട്ടികജാതി വികസന വകുപ്പ്</u><br>2016-17 വർഷത്തിൽ സൈബർശ്രീയ്ക്ക് ധനസഹായം നൽകിയ തുകയും കുട്ടികളുടെ എണ്ണവും ചുവടെ ചേർക്കുന്നു.
<table>
<tr><th>കോഴ്സിന്റെ പേര്</th><th>കുട്ടികളുടെ എണ്ണം</th><th>അനുവദിച്ച തുക</th></tr>
<tr><td>Training in Digital Print & Web Designing</td><td>45</td><td rowspan="3">3323570</td></tr>
<tr><td>Training in 2D & 3D Game Development</td><td>20</td></tr>
<tr><td>Computerised Finance Management</td><td>30</td></tr>
<tr><td>Training on Advanced Software Development</td><td>40</td><td rowspan="2">8036200</td></tr>
<tr><td>Training on MATLAB</td><td>60</td></tr>
<tr><td>IT Oriented Business and Finance Management</td><td>20</td><td rowspan="2">4254000</td></tr>
<tr><td>Post Production Technology in Audio Visual Media</td><td>20</td></tr>
<tr><td>Imparting Special support and Mentoring Programme</td><td>60</td><td>1065000</td></tr>
</table></td>
</tr>
</table>

| | | | |
|---|---|---|---|
| | | | 2017-18 സാമ്പത്തിക വർഷം സൈബർശ്രീയ്ക്ക് ട്രെയിനിംഗ് പ്രോഗ്രാമിന് ധനസഹായം അനുവദിച്ചിട്ടില്ല.<br>സൗജന്യ ലാപ് ടോപ് ധനസഹായ പദ്ധതി പ്രകാരം 2016-17 വർഷം 2322 വിദ്യാർത്ഥികൾക്കായി 5,80,36,950/- രൂപയും 2017-18 വർഷം 2357 വിദ്യാർത്ഥികൾക്കായി 5,89,23,900/- രൂപയും അനുവദിച്ചു.<br>വിദേശപഠന സഹായമായി 2016-17 ൽ 2 വിദ്യാർത്ഥികൾക്കായി 15,59,714/- രൂപയും 2017-18 ൽ 10 വിദ്യാർത്ഥികൾക്കായി 1,07,16,961/- രൂപയും അനുവദിച്ചിട്ടുണ്ട്.<br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br>2016-17 സാമ്പത്തിക വർഷം 194 കുട്ടികൾക്ക് ലാപ് ടോപ് വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി 73.66 ലക്ഷം രൂപ വിനിയോഗിച്ചിട്ടുണ്ട്.<br>2017-18 സാമ്പത്തിക വർഷം 225 കുട്ടികൾക്ക് ലാപ് ടോപ് വിതരണം നടത്തിയിട്ടുണ്ട്. ഇതിനായി 1 കോടി രൂപ വിനിയോഗിച്ചിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം 1.64 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.<br>2016-17 സാമ്പത്തിക വർഷം 1,50,000/- രൂപ ലണ്ടൻ സ്കൂൾ ഓഫ് ഇക്കണോമിക്സിൽ ഉപരിപഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം കാനഡയിൽ ഇൻഡസ്ട്രിയൽ ഓട്ടോമേഷനിൽ ഉപരിപഠനം നടത്തുന്നതിന് ഒരു വിദ്യാർത്ഥിയ്ക്ക് 19,34,615/- രൂപ അനുവദിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ഇതിൽ മുഴുവൻ തുകയും ടി വിദ്യാർത്ഥിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്.<br>2018-19 സാമ്പത്തിക വർഷം അയർലന്റിലെ ട്രിനിറ്റി കോളേജ് ഡബ്ലിനിൽ എം.ഫിൽ ഇൻ റേസ് എത്തിനിസിറ്റി കോൺഫ്ളിക്ട്സ് എന്ന കോഴ്സിന് പഠനം നടത്തുന്നതിനായി ഒരു വിദ്യാർത്ഥിയ്ക്ക് 29,92,061/- രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത സഹായ സൗകര്യങ്ങൾ തുടർന്നും നൽകുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | പ്രസ്തുത സഹായ സൗകര്യങ്ങൾ ഈ സാമ്പത്തികവർഷവും കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**